**D 113429** **(Pages : 2)** **Name.....................................**

**Reg. No..................................**

# FIRST SEMESTER (CUFYUGP) DEGREE EXAMINATION NOVEMBER 2024

Malayalam

MAL1FM105—CREATIVITY AND LITERATURE

(2024 Admission onwards)

Time : One Hour and a Half Maximum : 50 Marks

## Section A

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 2 മാർക്ക് വീതം.

(പരമാവധി മാർക്ക് 16).

1. "ഗർഭത്തിലിരുന്ന് ഏറ്റവുമധികം എനിക്ക് നോവേൽപ്പിച്ച ഒരു കഥ അങ്ങനെ ജനിച്ചുവെന്ന് പറയട്ടെ". ആശയമെന്ത് ?
2. സഹൃദയൻ – കുറിപ്പെഴുതുക.
3. ആസ്വാദനവും വിമർശനവും തമ്മിലുള്ള വ്യത്യാസമെന്ത് ?
4. "അവളുടെ കാലടി വീണത് ഇതിഹാസത്തിലാണ്, ഇതിഹാസത്തിൽ മാത്രം"—ഏതു കഥാപാത്രത്തിന്റെ രചനയെക്കുറിച്ചാണ് ഒ.വി. വിജയൻ ഇങ്ങനെ പറയുന്നത് ? കാരണമെന്ത് ?
5. എന്താണ് ബിംബം?
6. ഭാവനയും ആവിഷ്കാരവും തമ്മിലുള്ള ബന്ധമെന്ത് ?
7. ബാലചന്ദ്രൻ ചുള്ളിക്കാട് 'പിറക്കാത്ത മകന്'എന്ന കവിത രചിക്കാനിടയായ സാഹചര്യമെന്ത് ?
8. സാഹിത്യം എന്നാൽ എന്ത് ?
9. "ഭാവനയിൽക്കിടന്നു കരുത്ത് യാഥാർത്ഥ്യത്തിലേക്കു വളർന്നെങ്കിലേ കലാസൃഷ്ടിയാകുന്നുള്ളൂ"—കഥാകർത്രിയുടെ അഭിപ്രായത്തിന്റെ പൊരുളെന്ത് ?
10. 'പൂതപ്പാട്ട്' എന്ന കവിതാരചനയുടെ പിന്നിലെ പ്രേരണയെന്ത് ?

(16 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം.

(പരമാവധി മാർക്ക് 24).

11. കഥാകൃത്ത് ചന്ദ്രമതി ബ്രിട്ടീഷ് നാടകകൃത്തായ ഹരോൾഡ് പിന്ററെ കാണാൻ പോയ കഥ ലേഖകൻ വിശദീകരിക്കുന്നതെങ്ങനെ ?
12. അപ്പു മേസ്ത്രി എന്ന കഥാപാത്രത്തിന്റെ പിറവിയുടെ പശ്ചാത്തലമെന്ത് ?

**Turn over**

568375



13. "അമ്മദുഃഖങ്ങളുടെ പെരുങ്കടൽ എന്റെ ഉള്ളിൽ ഇരമ്പിയാർത്തു. അതിന്റെ ഉപ്പുകാറ്റിൽ എന്റെ കണ്ണുകൾ നിറഞ്ഞു"–സന്ദർഭം വിശദീകരിക്കുക.

14. സാഹിത്യ രചനയുടെ പിന്നിലെ സർഗ്ഗാത്മകതലങ്ങളെക്കുറിച്ചുള്ള പാശ്ചാത്യവും പൗരസ്ത്യവുമായ നിരീക്ഷ ണങ്ങൾ എന്തെല്ലാം ?

15. "വർഷങ്ങൾക്കു ശേഷം ആ സൃഷ്ടികഥ അയവിറക്കുന്ന ഞാനും വിചിത്രം എന്ന് പറയട്ടെ. ആ നഷ്ടബോധം പങ്കിടുകയായിരുന്നു"–ഖസാക്കിലെ സുന്ദരി എന്ന ലേഖനം മുൻനിർത്തി ചർച്ച ചെയ്യുക.

**Section C**

ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

10 മാർക്ക്.

16. വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയുടെ രചനാപശ്ചാത്തലം 'കാവ്യ ലോകസ്മരണകൾ' ലേഖനം മുൻനിർത്തി വിശകലനം ചെയ്യുക.

17. കഥാരചനയുടെ പിന്നിൽ പ്രവർത്തിച്ച ആത്മസംഘർഷങ്ങളുടെ കഥ എം.ടി. വാസുദേവൻ നായരുടെയും ലളിതാംബിക അന്തർജനത്തിന്റെയും അനുഭവങ്ങൾ ആധാരമാക്കി ചർച്ച ചെയ്യുക.

(10 marks)

568375